**അടിയന്തിരം**

**നമ്പർ. ഇബി2/*4147/2011*/എച്ച് ആർ ഡി** **തിയതി,09.12.2015**

പ്രേഷിതൻ

ഡയറക്ടർ

സ്വീകർത്താവ്

എല്ലാ സ്ഥാപന മേധാവികൾക്കും

സർ/മാഡം,

**വിഷയം: ഐ എച്ച് ആർ ഡി - കൺസോളിഡേറ്റഡ് പേ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച്**

**സൂചന: 1. ഈ ഓഫീസിലെ 23.04.2014-ലെ ഇതേ നമ്പർ കത്ത്**
**2. ഈ ഓഫീസിലെ 24.07.2015-ലെ ഇതേ നമ്പർ കത്ത്**

മേൽ സൂചന (1) പ്രകാരം ഐ എച്ച് ആർ ഡി-യിൽ കൺസോളിഡേറ്റഡ് പേ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ചിരുന്നു. സർക്കാർ ആവശ്യപ്പെട്ട പ്രകാരം ഈ വിവരങ്ങൾ പരിശോധിച്ചതിൽ സ്ഥാപന മേധാവികൾ നൽകിയിരിക്കുന്ന വിവരങ്ങൾ പൊരുത്തക്കേടുള്ളതും അപൂർണ്ണവുമാണെന്ന് കാണുന്നു. മാത്രമല്ല സർക്കാർ ആവശ്യപ്പെട്ട പ്രകാരം ദിവസക്കൂലി അടിസ്ഥാനത്തിലും കൺസോളിഡേറ്റഡ് പേ വ്യവസ്ഥയിലും ഏഴു വർഷത്തിലധികമായി ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ പട്ടികയ്ക്ക് എതിരെയും ധാരാളം പരാതികൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ആയതിനാൽ ദിവസക്കൂലി അടിസ്ഥാനത്തിൽ പ്രവൃത്തി എടുത്തു വരികെ പിരിച്ചു വിട്ടവരും പിന്നീട് കൺസോളിഡേറ്റഡ് പേ വ്യവസ്ഥയിൽ പുനർനിയമനം നൽകിയവരുമായ മുഴുവൻ ആൾക്കാരുടെയും സർവ്വീസ് വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ഫോമിൽ 14.12.2015ന് മുൻപായി ലഭ്യമാക്കണമെന്ന് അറിയിക്കുന്നു. ഈ ഓഫീസിലേക്കു അയച്ചു തരുന്ന വിവരങ്ങൾ വളരെ സൂക്ഷ്മതയോടും കുറ്റമറ്റതായും തയ്യാറാക്കേണ്ടതാണ്. ഓരോ താല്ക്കാലിക ജീവനക്കാരുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് അടിസ്ഥാനമായ രേഖകളെല്ലാം തന്നെ പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ആവശ്യമെങ്കിൽ തുടർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. കൂടാതെ സ്ഥാപന മേധാവികൾ നൽകുന്ന വിവരങ്ങളുടെ സൂക്ഷ്മത സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം അതാത് സ്ഥാപന മേധാവിയിൽ തന്നെ നിക്ഷിപ്തമായിരിക്കുമെന്നും അറിയിക്കുന്നു.

**എന്ന് വിശ്വസ്തതയോടെ**
**ഒപ്പ്**
**ഡോ. കെ. വിജയകുമാർ**
**ഡയറക്ടർ (ഇൻ ചാർജ്)**

ഉള്ളടക്കം: പൂരിപ്പിച്ച് അയക്കേണ്ട ഫോം

**അംഗീകാരത്തോടെ**
**ഒപ്പ്**
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

*D..09.12..2015*

**കൺസോളിഡേറ്റഡ് പേ വ്യവസ്ഥയിൽ മാസ വേതനം. 9000/- (ഒൻപതിനായിരം) രൂപ പ്രകാരം ഇപ്പോൾ (31.10.2015) ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ**

**( ഓരോ ജീവനക്കാർക്കും പ്രത്യേകം ഫോം** ഉപയോഗിക്കുക)

| | | |
|---|---|---|
| 1. | ജീവനക്കാരന്റെ/ ജീവനക്കാരിയുടെ പേര് | |
| 2. | 31.10.2015-ൽ പൂർത്തിയായ പ്രായം, ജനനതീയതി | |
| 3. | ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയുടെ പേര് | |
| 4. | ഐ. എച്ച് ആർ.ഡി യിൽ Daily wages വ്യവസ്ഥയിൽ ആദ്യമായി ജോലിയിൽ പ്രവേശിച്ച തീയതി സ്ഥാപനത്തിന്റെ പേര്, സേവന കാലയളവ് | |
| 5. | ദിവസ കൂലി അടിസ്ഥാനത്തിൽ മേൽ സ്ഥാപനമല്ലാതെ മറ്റേതെങ്കിലും സ്ഥാപനത്തിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ സ്ഥാപനത്തിന്റെ പേരും കാലയളവും | |
| 6. | ദിവസ വേതന ജോലിയിൽ നിന്നും വിടുതൽ ചെയ്ത തീയതി | |
| 7. | കൺസോളിഡേറ്റഡ് പേ വ്യവസ്ഥയിൽ ജോലിയിൽ പുന:പ്രവേശിച്ച തീയതി, (ഉത്തരവ് നമ്പർ, തീയതി സഹിതം) | |
| 8. | 2011-ൽ കൺസോളിഡേറ്റഡ് പേ വ്യവസ്ഥയിൽ കോടതി ഉത്തരവ് പ്രകാരം തിരിച്ചെടുത്തതു മുതൽ 31.10.2015 വരെ സേവനം അനുഷ്ഠിച്ചതിന്റെ മൊത്തം കാലയളവ്. | |
| 9. | ദിവസകൂലിയിലും കൺസോളിഡേറ്റഡ് പേ വ്യവസ്ഥയിലും കൂടി മൊത്തമുള്ള സേവന കാലയളവ്. | |
| 10. | ദിവസ കൂലിയിലും കൺസോളിഡേറ്റഡ് പേയിലുമല്ലാതെ മറ്റേതെങ്കിലും രീതിയിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ, എപ്രകാരം? എത്ര കാലയളവ് ? | |
| 11. | കൺസോളിഡേറ്റഡ് പേയിൽ പ്രവർത്തിയെടുക്കവെ അനുവദനീയമായ അവധി കൂടാതെ എടുത്തിട്ടുള്ള ശമ്പളമില്ലാത്ത അവധിയുടെ കാലയളവ് | |
| 12. | അഭിപ്രായക്കുറിപ്പ് | |

മേൽ പറഞ്ഞിരിക്കുന്ന വിശദാംശങ്ങൾ അറ്റൻഡൻസ് രജിസ്റ്റർ അക്വിറ്റൻഡ് രജിസ്റ്റർ, മറ്റു ബന്ധപ്പെട്ട രേഖകൾ എന്നിവയുടെ അസ്സൽ പരിശോധിച്ച് തയ്യാറാക്കി നൽകുന്നതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :-

തീയതി :-

(ഓഫീസ് സീൽ)

**സ്ഥാപന മേധാവിയുടെ പേരും ഒപ്പും**